ശ്രീ. പനമ്പിള്ളി തോവിന്ദമേനോൻ : അതെ ഒരു ആലോചന ഉണ്ടായി. ദക്ഷിണ...സംസ്ഥാനത്തെപ്പറ്റി സംസാരിക്കുമ്പോൾ ആ ശ്രമന്ത്രി ഇൻഡ്യൻപ്രധാനമന്ത്രി പറഞ്ഞു. അതുകൊണ്ടാണ് അതിനെപ്പറ്റി ആലോചിക്കാൻ പോയത്.

ശ്രീ. ആർ. പ്രകാശം : പ്രൊവിൻഷ്യൽ കോൺഗ്രസ്സ് കമ്മിറ്റി ദക്ഷിണ സംസ്ഥാനം വേണ്ടെന്ന് പറഞ്ഞിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി തോവിന്ദമേനോൻ : അതെപ്പറ്റി പി. സി. സി. പ്രസിഡന്റിനോട് ചോദിക്കണം.

ശ്രീ. സി. ജെ. സദാശിവൻ : പൊതുജനാഭിപ്രായം മനസ്സിലാക്കിയതിനുശേഷവും ഇതിനെപ്പറ്റി എന്തിനാണ് ആലോചിച്ചത് ?

ശ്രീ. പനമ്പിള്ളി തോവിന്ദമേനോൻ : അനുഭവപരിജ്ഞാനമായ സമ്മേളനത്തിൽ പങ്കെടുക്കുന്നവരുടെ അഭിപ്രായമാരായുകമാത്രമല്ല.

സെക്കൻഡറി പ്രൈവറ്റ് സ്കൂളദ്ധ്യാപകർ.

* 120. [28] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ് സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് ഫസ്റ്റ് ഗ്രേഡ് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത് ;

(ബി) ഫസ്റ്റ് ഗ്രേഡ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അദ്ധ്യാപകരിൽനിന്നു നിവേദനം ലഭിച്ചിട്ടുണ്ടോ ; അതിന്മേൽ എന്തു നടപടി എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി തോവിന്ദമേനോൻ) :

(എ) ഗവണ്മെന്റ് സ്കൂൾ അദ്ധ്യാപകന്മാരുടെ തസ്തിക സംബന്ധിച്ച് സംസ്ഥാനമൊട്ടാകെയുള്ള സീനിയോറിറ്റി ഏർപ്പെടുത്തുന്നു. അതു ഫസ്റ്റ് ഗ്രേഡും സെക്കൻഡ് ഗ്രേഡും സംബന്ധിച്ചിടത്തോളം രണ്ടിനും ഏഴ് എന്ന ശമ്പളനിരക്കിൽ നിശ്ചയിച്ചിട്ടുമുണ്ട്. എന്നാൽ പ്രൈവറ്റ് സ്കൂളുകളെ സംബന്ധിച്ചിടത്തോളം അവ പ്രത്യേകം പ്രത്യേകം മാനേജ്മെന്റിന്റെ കീഴിലായതുകൊണ്ട് ഒരു അനുപാതപ്രകാരം ഗ്രേഡ് തിരിക്കുന്നതിന് സാധിച്ചിട്ടില്ല.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്. അനുവദിച്ചിട്ടില്ല.

Thottappally Spillway.

* 121. [29] SHRI V. P. PARAMESWARAN NAMBOODIRI : Will the Minister for Works be pleased to state :

(a) whether the Thottappally Spillway has been effective in controlling the flood in sugar-cane growing area in Central Travancore ; and

(b) whether the views of the Management of the Pamba River Factory, Pulikeezhu have been sought in the matter ?

LIBRARY ARCHIVES Kerala Legislative Assembly